032:1M86:15 H4 DAIVAGATI NALAPPAT

032:1M86:15
H4

MUL
177606

DOCTRINA-VIM-PROMOVET-INSITAM

Madras University Library.

Call Number

Accession Number

Available for loan from

This book should be returned on or befor
the date last marked below.

61

177606

Daiva gati

# ദൈവഗതി

(ഓട്ടൻതുള്ളൽ)

UNIVERSITY LIBRARY
1 June 1957
MADRAS

ഗ്രന്ഥകർത്താ:

നാലപ്പാട്ട്

Nalappat

രണ്ടാംപതിപ്പ്: കോപ്പി 1000

൧൧൨൨

PUBLISHED BY
VANNERI BOOK DEPOT,
PUNNAYURKULAM P. O.
(Malabar)

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

വില 8ണ.

as 8/-

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

177606
032:1M86:15
#4

# അവതാരിക

ശ്രീമാൻ നാലപ്പാട്ടു നാരായണമേനോൻ ഒരു മുപ്പത്തിമൂന്നു കൊല്ലംമുമ്പ് ൧൦൮൭-ൽ 'കവനകൌമുദി'യുടെ നാലു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ഒരു തുള്ളൽകൃതിയാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. ഇത്തരം പ്രസിദ്ധീകരണങ്ങളെസ്സംബന്ധിച്ച് എഴുന്നുവന്നേയ്ക്കാവുന്ന ഏതു ചോദ്യത്തിന്നുമുള്ള ആദ്യത്തെസ്സമാധാനം, സുസമ്മതനായ ഒരു കവിയുടെ ആദ്യകാലരചനകൾ എങ്ങിനെയായിരുന്നു എന്നു കാണ്മാൻ സഹൃദയന്മാക്കുണ്ടാകുന്ന ഔത്സുക്യംതന്നെയാണ്.

വാല്മീകിരാമായണം ഉത്തരകാണ്ഡം ഐമ്പത്തൊമ്പതാംസർഗ്ഗത്തിനുശേഷം കാണുന്ന രണ്ടു പ്രക്ഷിപ്ത സർഗ്ഗത്തിൽ വിവരിച്ച ഒരു കഥയാണ് ഈ തുള്ളൽകൃതിയുടെ വിഷയം. ഉത്തരകാണ്ഡവും വാല്മീകീയമാണെന്ന് അഭിപ്രായമുള്ളവർപോലും പ്രക്ഷിപ്തമെന്നു നീക്കിവെച്ച ആ സർഗ്ഗങ്ങൾക്ക് ആർഷമായ മാഹാത്മ്യം പറയാൻ പാടില്ലെങ്കിലും, ഈ കഥയ്ക്ക് ആയിരത്താണ്ടു കാലത്തെ പഴക്കമുണ്ടെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഈ കഥയുടെ ലക്ഷ്യമെന്തോ, അത് ഇന്നും നമ്മുടെ കൺമുമ്പിലൂടെ നടന്നുപോകുന്നതുമാണ്; നാം നടക്കുന്നേടത്തും ഇരിയ്ക്കുന്നേടത്തുംനിന്ന് ഒന്നു തിരിഞ്ഞോ മറിഞ്ഞോ നോക്കിയാൽ കാണാവുന്ന ദേവസ്ഥാനങ്ങളെല്ലാം, ഈശ്വരന്മാരുടെ സത്തയേയും അവരുടെ ഭക്തവാത്സല്യത്തേയുമെന്നതിലധികം, ഈ കഥയുടെ സാ

രാംശത്തെയാണല്ലോ ഇന്നും സർവ്വാത്മനാ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങിനെ നിത്യനൂതനമായ ഒരു ചിരന്തനകഥയെ അധികരിച്ചുള്ള ഇത്തരമൊരു കൃതിക്കു വല്ലപ്പോഴും കാലം കഴിഞ്ഞുപോകലുണ്ടോ!

പ്രഖ്യാതമായ ഈ ഇതിവൃത്തത്തിന്മേൽ ഈ കവി വരുത്തിയിട്ടുള്ള മുഖ്യപരിഷ്കാരം ഇതത്രേ: മൂലകഥയിൽ, വ്യവഹാരത്തിലെ കക്ഷികൾ രാജാവു സചിവന്മാർ എന്നിങ്ങിനെ അത്യാവശ്യം വേണ്ടുന്നവരെ മാത്രമല്ലാതെ മററാരേയും പ്രവേശിപ്പിച്ചിട്ടില്ല; ഈ തുള്ളലിലാകട്ടേ, ആദ്യം ഹരജിക്കാരൻെറ പുറപ്പാടുമുതൽ അവസാനം രാജാവിൻെറ വിധിനടന്നതു വരെ, അടിസ്ഥാനം ഉത്തരകോസലത്തിലെ പൊതുജനങ്ങൾ അവരുടെ മാറിക്കൊണ്ടിരുന്ന അഭിപ്രായങ്ങളെ പ്രഖ്യാപനം ചെയ്തു പോന്നതായി വർണ്ണിച്ചിട്ടുണ്ട്. സൂക്ഷിച്ചുനോക്കിയാൽ, നഗ്നമായ മൂലകഥയുടെ ഒരു വെറും പശ്ചാത്തലമായിട്ടല്ല കവി അതത്ര വിസ്തരിച്ചിട്ടുള്ളതെന്നും, നേരെമറിച്ച് ആ കഥയെ പൊതുജനാഭിപ്രായഗതിയുടെ ചിത്രം വരയ്ക്കാനുള്ള ഒരു ഭിത്തിയായെടുക്കുകയാണ് ചെയ്തിട്ടുള്ളതെന്നും കാണാൻ കഴിയും.

അപ്പോൾ, നമ്മുടെ സാഹിത്യലോകത്തിലെ ഏതു പൊതുവഭിപ്രായത്തിൻെറയും ചൂണ്ടുവിരലിന്നു വഴങ്ങിക്കൊടുക്കാതെ സ്വന്തം വഴിക്കേ സഞ്ചരിച്ച പ്രതിഷ്ഠനേടിയിട്ടുള്ള ഈ കവി, തനിക്കു പത്തിരുപതു വയസ്സായിരുന്ന ആ കാലത്തുതന്നെ, പൊതുവഭിപ്രായത്തിൻെറ സ്വഭാവമെന്തെന്ന് എത്ര ശരിയായി അളന്നു ക

ണക്കാക്കിയിരുന്നു എന്നു കാണാകുന്നതാണ് ഈ കാവ്യത്തിലെ ഏററവും ആസ്വാദ്യമായ ഭാഗം.

ഇതൊന്നുമല്ലാതെ, ഈ തുള്ളൽക്കൃതിയിൽ കവിയുടെ വാഗ്വൈഭവം എത്രത്തോളം തള്ളി പ്രവഹിക്കുന്നുണ്ട്, ഹാസസാഹിത്യത്തിന്നു പററിയ നർമ്മോക്തികളും ഭാഷാരീതികളും ഏതേതു മട്ടിൽ രൂപംകൊണ്ടിട്ടുണ്ട് എന്നൊക്കെ നോക്കുന്ന ഒരുതരം വായനക്കാരുമുണ്ടാവാം —അവൎക്കും ഇതു വായിച്ചാൽ കട്ടും നിരാശപ്പെടേണ്ടിവരില്ലെന്നു തോന്നുന്നു.

എന്തായാലും, ഈ കൃതി വേണ്ടുവോളം ഭാഗ്യശാലിയാണെന്നു പറയാൻ വയ്യ: ശ്രീമഹാവിഷ്ണുവിൻെറ ഏഴാമത്തെ അവതാരമായ ശ്രീരാമചന്ദ്രൻ തിരുവടിയുടെ നലംതികഞ്ഞ നാടുവാഴ്ചയെ വൎണ്ണിക്കുന്ന ഈ കാവ്യത്തെ, തുള്ളൽക്കാവ്യങ്ങളുടെ ജന്മാവകാശമനുസരിച്ചു, നമ്മുടെ അമ്പലങ്ങളുടെ മതിലകത്തുവെച്ചു പാടിത്തുള്ളുവാൻ കരളുറപ്പുള്ള ഒരു തുള്ളൽക്കാരനെ കണ്ടുകിട്ടുവാൻ വിഷമമുണ്ടാവും; എന്നോ മരിച്ചുപോയ ഇതിഹാസപുരുഷന്മാരേയും എങ്ങാനുമുള്ള ഈശ്വരന്മാരേയും പരിഹസിക്കുന്നതുപോലെയല്ലല്ലോ, പ്രത്യക്ഷമൂൎത്തികളായ മനുഷ്യേശ്വരന്മാരെ പരിഹസിക്കുന്നത്.

കോഴിക്കോട്, } കുട്ടികൃഷ്ണമാരാര്.
൧൧൨൦ മേടം

824
1944

UNIVERSITY
1 June 1957
MADRAS

# ദൈവഗതി

പണ്ടതിരറ്റ പരാക്രമശക്തികൾ-
കൊണ്ടടരിങ്കലൊരെതിരില്ലാതേ
കണ്ട ജഗത്തുകളൊക്കെയടക്കിന
കണ്ടകനാം ദശകണ്ഠാശരനെ,
ആണായിട്ടെതിരിട്ടുവരുമ്പോൾ-
ക്കാണാം ചുന്നയും ത്രാണിയുമെന്നായ്
ബാണാഗ്രത്താലറിയിച്ചു,വനിൽ
പ്രാണാപായമണച്ചു,ലകെങ്ങും
നീണ്ട പുകൾപ്പൂമ്പട്ടു വിരിച്ചുര-
പ്പൂണ്ട പുരത്തിൽപ്പുരുസുഖപൂർവ്വം,
തണ്ടലർമിഴി ജാനകിയും പ്രിയമുൾ-
ക്കൊണ്ട സഹോദരരേവരുമായി,
തണ്ടരികൾക്കുറുമാറുജ്ജ്വലമുശിർ-
കൊണ്ട പരന്തപഭടരൊട്ടുമൊപ്പം
അണ്ടർകുലേശ്വരനമരാവതിയിൽ-
ക്കണ്ഠത വിട്ടു കുടുംബത്തോടും
ആരാലരുളുന്നതുപോ,ലനുദിന-
മാരാലും പരിപൂജിതനായി,
താരാർമാതനുവേലം തഴുകും
ശ്രീരാമൻ ധര കാത്തരുളുമ്പോൾ,
നേരായിങ്ങിനെയൊരു കഥയുണ്ടായ്:
സാരാസാരമറിഞ്ഞവർ കേൾപ്പിൻ!

ഒരുനാൾ, പതിവിൻപടി,പല ഭൂപരു-
മൊരുമിച്ചരിയ നിജാഗ്ര്യസദസ്സിൽ,
അത്ര സഭാജനമപ്പിച്ചരുളിട്ട-
മത്തൊഴുകൈകൾ നിറഞ്ഞതിലൂടെ,
നിരവധി പൂവ്ജർ വാണു പുകഴ്ന്നൊരു
നിരഘാസനസവിധത്തിലണഞ്ഞു,
പരമാദരമതിലേറിയിരുന്നാൻ
പരമാത്മാവാം പങ്കജനയനൻ.
ഉടനേതന്നേ നൃപനുടെ തൃക്ക-
യ്യടയാളം വേണ്ടുന്നവ പലതും
തിരുമുമ്പാകെ കൊണ്ടുനിരത്തീ
പെരുത്തു വണക്കമൊടൊരു കാൎയ്യക്കാർ.
മതിമാന്മാർമണി മന്നവനതുകളി-
ലതിവേഗം തൃക്കണ്ണു നടത്തി,
എതിരേ നില്ക്കുമമാത്യപ്രവരനൊ-
ടതിലപ്പപ്പോൾച്ചിലകാൎയ്യത്തിൽ
ഒന്നോ രണ്ടോ വാക്കുകൾ ചോദി-
ച്ച,ന്നോട്ടം തീൎത്തൊപ്പുകൾ വെച്ചാൻ.
ശിവനേ, രാജ്യമിതൊന്നു ഭരിപ്പാ-
നവനീനാഥന്നെന്തു ഞെരുക്കം!
ഭുവനം പതിനാലൊരുപോലിങ്ങനെ-
യവനംചെയ്യുവതവിടുന്നല്ലോ.
കടൽ ചാടുന്ന ഹനുമാനെന്തൊ-
ട്ടിടവേണം ചെറുതോടു കടപ്പാൻ?

ആയത്തു തിന്നളവൊരുവൻ പുറമേ
പോയത്യുച്ചമിതോതി വിളിച്ചാൻ:
"സങ്കടഹരജിക്കാരുണ്ടെങ്കിൽ-
സ്സങ്കടമിപ്പോൾ ബോധിപ്പിയ്ക്കാം.
വങ്കന്മാരെ വിളിച്ചാൽക്കാണി-
ല്ലെ,ങ്കൽപ്പാട്ടുകിടക്കും പിന്നെ.
അവരുടെ സമയം നോക്കിയിരിപ്പാ-
നിവനിന്നവരുടെ ശമ്പളമെന്നോ!
വേണം കാരിയമെന്നുണ്ടെങ്കിൽ-
ക്കാണാവുന്നേടത്തു വരട്ടെ.
ഇവരെത്തേടി നടക്കാൻ പണിയിവ-
നവസാനിയ്ക്കാപ്പണികൾ കിടപ്പൂ."
ഇങ്ങിനെയോതി നടന്നു വിളിച്ചി-
ട്ടെങ്ങുമൊരാളെക്കാണ്മാനില്ല.
സങ്കടമുണ്ടോ നാട്ടിൽസ്സരസിജ-
മങ്കപുണർന്നവനുലകു ഭരിയ്ക്കേ!
എത്ര തിരഞ്ഞും ഹരജിക്കാരെ-
ത്തത്ര കിടയ്ക്കാഞ്ഞവനും പോന്നു,
ആർത്തനൊരുത്തനുമില്ലെന്നുള്ളതു
പാർത്ഥലപതിയൊടുണർത്തി വണങ്ങി.
കരുണാകരനാമവിടുന്നപ്പോ-
ളരുളിച്ചെയ്തതുമീവിധമല്ലോ:
"അങ്ങിനെ മുറവുമുറയ്ക്കുകവയ്യി,വ-
നങ്ങേതിടവും നോക്കീലെന്തോ?

# ദൈവഗതി

വല്ലവരും വല്ലേടവുമിരിക്കാ-
മല്ലലുരപ്പാൻ തരവും നോക്കി.
പോയിത്തിരയുവിനെല്ലാടവു"മെ-
ന്നായി ക്ഷിതിപതി കല്പിച്ചളവിൽ,
ചൊടികൂടും ചില കൂട്ടരിറങ്ങി-
പ്പടികാവല്ക്കാരൊട്ട ചോദിച്ചു;
അരമനചുററുമറക്കെപ്പലപടി
ഹരജിക്കാരെ വിളിച്ചുനടന്നു;
മുക്കിലുമോരോ മൂലയിലും പലർ
തിക്കിയിരുന്നു കളിസ്ഥലന്നേടവും
എല്ലാം നോക്കി,യൊരുത്തനുമില്ലപ്പഴൽ
ചൊല്ലാനെന്നേ കേൾക്കാനുള്ളൂ.
ഫലമില്ലെന്നു പറഞ്ഞുന്നേരം,
ചിലരതിലിങ്ങിനെ തമ്മിലുരച്ചാർ:
"കൂട്ടക്കാരേ, പോരും, നമ്മുടെ
നോട്ടം വെറുതെ; മടങ്ങുക നല്ലൂ.
നാട്ടിൽസ്സങ്കടമില്ലിഹ; നാമി-
ക്കാട്ടിട്ടവതു ചില ഗോഷ്ഠികൾമാത്രം.
അവിടന്നവനി ഭരിക്കെസ്സങ്കട-
മെവിടെക്കാണും? ഇതെന്തൊരു ചിത്രം.
നല്ല വസന്തം പെരുമാറുമ്പോൾ
മുല്ലകൾ വാടിത്തളരുകയുണ്ടോ?
നിറയും ഗംഗാനദിയുടെ കരയിൽ,-
പ്പറയുക, ദാഹക്കെട്ടതി വരാമോ?
മേരുമഹാമലമുകളിലിരിപ്പോ-
ക്കോരുകിലുണ്ടോ പൊന്നിനു പഞ്ഞം?

നട്ടുച്ചയ്ക്കുമിരുട്ടാലുഴലിൽ-
പ്പെട്ടിടുമാളുകളെന്നായ്വരുമോ?
എന്നാലും താനഴലില്ല, വിടെയു-
മെന്നാച്ചൊന്നാൽ കേൾക്കില്ലവിടെ.
ഇന്നാമെന്തിനു പറയുവതി,ങ്ങിനെ
നന്നായിട്ടൊരു നരപതിയുണ്ടോ?
ദയയുള്ളവരെക്കാണാം, നല്ലൊരു
നയമേറുന്ന നൃപന്മാരെയുമേ;
ഇത്തിരുമേനിക്കൊതിരാമരചനെ-
യിത്തിരി പണിയുണ്ടിളയിൽക്കാണ്മാൻ!
വന്നഴൽ ചൊന്നാലതു കേൾക്കാൻ മടി-
യെന്നവരാണരചന്മാരധികം.
എന്നതു വിട്ടുപറഞ്ഞാൽക്കേൾപ്പവർ
നന്ന,വരെജ്ജനമെത്ര പുകഴ്ത്തും!
അതു പോയിട്ടാക്കെന്തൊരു സങ്കട-
മിതു ചോദിപ്പു മിനക്കെട്ടറിയും,
തീർക്കുമതെല്ലാ,മിത്ഥം പ്രജകളെ
നോക്കുന്നവരെ സ്തുതിചെയ്തിടുവാൻ
വാക്കുകളേതൊരു ഭാഷയിലുണ്ടു;-തു
നോക്കുകിൽ നാമതിസുകൃതികൾതന്നെ.”
ഇങ്ങിനെയോരോന്നോതിക്കൊണ്ടവർ
തിങ്ങിന ഭക്തിയൊടരചന്നരികേ
ചെന്നു വണങ്ങിയുണർത്തീ: “ഇജ്ജന
മിന്നു തിരഞ്ഞീടാത്തിടമില്ല.
ഒരുവനുമില്ലൊരു സങ്കടമെന്നേ
പറയുന്നുള്ളൂ കണ്ടവരെല്ലാം.

എന്തിനി വേണമതരുളിച്ചെയ്യുക
നിന്തിരുവടിതാൻ, ദീനദയാലോ!"
അന്നേരം നൃപനുടെ തിരുവുള്ളം
നന്നായ്ക്കണ്ടു സുമിത്രാതനയൻ
താനേതന്നെ നടന്നു പുറത്തെ-
യ്ക്കോ, നേരത്തൊരു ഗോപുരമരികെ
പരവശഭാവമിയന്നതിയായി-
ട്ടുരയും മെയ്യും ചോരയിൽ മുഴകി,
കാലുകൾ നാലും നീണ്ട കഴുത്തും
മാലുള്ളവിധം നീട്ടി മയങ്ങി
പാവമൊരെച്ചിൽപ്പട്ടി കിടപ്പു-
ണ്ടേവനുമുള്ളലിവുണ്ടാം കണ്ടാൽ.
ചത്തിട്ടില്ലതു ചുങ്ങിയ വയറിന-
കത്തിത്തിരിയൊരിളക്കം കാണ്മു.
അറിയൊരു ദയയാന്നരചകുമാരനു-
മരികേ ചെന്നു വിളിച്ചിതു മന്ദം.
കട്ട വിളിയ്ക്കെക്കണ്ണുമിഴിച്ചെ-
ന്നിട്ടു പതുക്കെ വാലുമിളക്കി
കേട്ടിതു താനെന്നറിയിച്ചിതു ചെറു-
പട്ടി,യെണിപ്പാനരുതതിനെന്നും.
ശിഷ്ടൻ പാർത്ഥിവപുത്രനുമവിടെ-
ക്കഷ്ടംവെച്ചു കുറച്ചിട നിന്നാൻ.
"ഏതൊരു പോക്കിരി നിന്നെത്തച്ചീ-
ത്തോതൊരുവസ്തുവുമരുതാതാക്കി?

പണ്ടേതന്നെയൊരെല്ലും തോലും
രണ്ടേ നിന്നുടെ മെയ്യതിലുള്ളൂ.
ചത്ത ശവത്തെക്കത്തിക്കശ്ശല-
മിത്തരമേററവനേതൊരു ദുഷ്ടൻ?
ആരാണവനതു പറക''—ദയാന്വിത-
മാരാജാത്മജനിതു ചോദിച്ചു,
അങ്ങു കിടന്ന കിടപ്പിൽത്താൻ ചെറു-
തെങ്ങുമിളക്കാതതിശ്രേഷ്ഠതയിൽ,
''എന്നുടെ സങ്കടമെല്ലാം ചൊല്ലുവ-
നെന്നുടെ നൃപനുടെ തിരുമുമ്പാകെ;
വല്ലവരും ചോദിച്ചാൽപ്പറകി-
ല്ലല്ലൊരക്ഷരമീ ഞാ''നെന്നായ്
പട്ടി പറഞ്ഞതു കേട്ടൊരു നേരം
ഞെട്ടിസ്സകലരുമെന്നേ വേണ്ടൂ.

''എന്തു വിസ്മയമൊരു
ജന്തു കടന്നുവന്നു
തന്തിരുമേനിയോടീ-
പ്പന്തിയിൽപ്പറകയോ!
വാനവാദികൾക്കാക-
മാനമാപത്തണഞ്ഞാൽ
ദീനത തീർത്തുവിടും
മാനവേശപരപുത്രൻ
സാരമിതല്ലതു,മൊരു
സാരമേയത്തിന്നുള്ള
പാരവശ്യത്തെത്തീർപ്പാൻ
പോരാ എന്നല്ലീ കേൾപ്പൂ?

നാലുപേർ കേൾക്കുമെന്നു
പോലും വിചാരമില്ല;
വാലുള്ളീ വകയുണ്ടോ
മേലുകീഴറിയുന്നു!"
കേൾക്കും ജനങ്ങളെല്ലാം
നാക്കു കടിച്ചുപോയി!
നെല്ലാകെപ്പശു തിന്നി-
ട്ടില്ലാതായെന്നു കേൾക്കെ,
വല്ലാതെ പാഞ്ഞുചെന്നു
തല്ലാൻ തുടങ്ങും വൈശ്യൻ
മർമ്മങ്ങളല്ലാതൊന്നു-
മമ്മാടിന്മേൽക്കാണാഞ്ഞു
ചുമ്മാ നിന്നുഴലുമ്പോ-
ളു, മ്മട്ടു കണ്ടൊരുത്തൻ
വന്മടലൊന്നെടുത്തി-
ട്ടമ്മാ, പൊതുക്കിവിട്ടാൻ!
മർമ്മമില്ലപ്പോളെന്നു-
ണ്ടമ്മമാർക്കൊരു ഞായം.
ഏവമൊരീഷലില്ലാ-
തീവക ചൊന്നതിനെ
കേവലം വേണ്ടതെന്നേ-
ന്നേവരുമോർത്തു നില്പായ്.
മന്നവപുത്രൻ പിട്ടി
ചൊന്ന വാക്കിതു കേൾക്കെ,

വന്ന പുഞ്ചിരി കാട്ടാ-
തൊന്നതിൻ നേക്കു നോക്കി,
കന്നും പറയാതങ്ങു-
നിന്നു നടന്നാൻ മന്ദം;
നിന്നു പരുങ്ങും ജന-
മൊന്നുകൂടിപ്പകച്ചു.
കത്തിടും തിയ്യിൽപ്പറ-
ന്നെത്തിപ്പതിച്ച പാററ
ചത്തതില്ലെന്നാകാഴ്ച
പുത്തിരി കണ്ണിന്നെല്ലാം.
"അൻപുകൂടുന്ന കൊച്ചു
തമ്പുരാനൊന്നിടഞ്ഞാൽ
കിംപുരുഷരും പേടി-
ച്ചമ്പുന്നിതൊന്നുപോലെ;
ഇന്നവിടത്തോടേവം
ചൊന്നതെന്തൊരു ജന്തു!
കന്നു കാണണ"മെന്നായ്
വന്നുനിറഞ്ഞു ജനം.
ആവകക്കഥയൊന്നും
കേവലമറിയാത്ത
ഭാവത്തിൽക്കിടപ്പുണ്ടാ-
ശപാവസ്ഥലത്തു, ചിത്രം!
ആയതു കണ്ടതിലൊരുവിധമേറെ
പ്രായം ചെന്നവരാം ചിലരപ്പോൾ

ആയതകൌതുകമൊരുമിച്ചിങ്ങിനെ
ഞായം പറയുവതിന്നു തുടങ്ങീ:
"കണ്ടോ താനൊരു ചെക്കിളിനായിന്നു
പണ്ടോക്കാത്തൊരഹമ്മതിയിപ്പോൾ!
കണ്ടവരേകുമൊരെച്ചില്ലു തിന്നും-
കൊണ്ടലയും ചില നായ്ക്കളിവണ്ണം
തണ്ടും കാട്ടി നടക്കുക, നാമതു
കണ്ടു പൊറുക്കയു,മുചിതംതന്നെ!
അമ്പട, പൊട്ടപ്പട്ടി, നിനക്കീ
വമ്പത്തരമെവിടുന്നു പഠിഞ്ഞു!
ഉമ്പർകുലേശ്വരനിനിമേൽത്തൊഴണം
നിൻപദമെന്ന നിലയ്ക്കായല്ലോ.
കണ്ടതു വല്ലതുമവിടെപ്പറയാൻ
തൊണ്ട വിറച്ചിടുമമരേന്ദ്രന്നും;
ഇണ്ടൽ വെടിഞ്ഞവിടത്തൊടിതോതിയു-
മുണ്ടല്ലോ തവ കൂട്ടിൽജ്ജീവൻ!
ശ്രീരാമാനുജനവിടുന്നീമു-
പ്പാരാകെപ്പുകൾവീശിന വീരൻ;
നേരായഖിലജഗത്തിനുമപ്പദ-
താരാണാശ്രയ,മേവമിരിപ്പൂ
തൻതിരുമുമ്പിലഹമ്മതിതൻതല
പൊന്തിക്കേട്ടിട്ടില്ലിതുവരെയും
തെണ്ടിനടക്കുന്നൊരു പട്ടിക്കതി-
നുണ്ടിങ്ങിനെ കഴിവെന്നതു ചാതുരം!

തൊട്ടിട്ടില്ലിതുവരെയിതു വറെറാ-
ന്നിട്ടിട്ടിത്തിരി വെള്ളംപോലും
പട്ടിണിതന്നെ കിടന്നു കിടന്നൊരു-
മട്ടിൽപ്പാകം വന്നുകഴിഞ്ഞു.
എല്ലും തോലും താനുട,ലതിലൊരു
തല്ലുംകൊണ്ടു തരംപോലിനിയും
ഇങ്ങനെ ഗവ്വള്ളിതിനെദ്ധരണിയി-
ലെങ്ങിനെ വെച്ചു പൊറുപ്പിക്കാവൂ!
നേരു പറഞ്ഞാ,ലേറിയ ദയകൊ-
ണ്ടാരും ചോദിക്കില്ലെന്നായാൽ
മാറുകയില്ലിനി നായ്ക്കൾ, ശിരസ്സിലു-
മേറും; നമ്മൾ പൊറുക്കേ വേണ്ടൂ.
ഇതിനെക്കുററം പറയേണ്ടാ,തമ-
സ്ഥിതി നോക്കാത്തോർക്കിങ്ങിനെതന്നെ.
അവരവരുടെ നില നോക്കാതീവക
ശവമൊട്ടു ഞായം പറയാൻ നിന്നാൽ
ഏവം പററണ,മേവം പററിടും!—"
ഈവിധമോരോന്നാളുകൾ ചൊല്ലേ,
"നിന്നെ വിളിക്കാൻ കല്പനയായീ;
ചെന്നെന്തഴലെന്നവിടെപ്പറക"
എന്നു പറഞ്ഞു സുമിത്രാതനയൻ
വന്നാ,നാളുകൾ നിന്നു മിഴിച്ചു.
"നായിന്നു സഭയിൽക്കേറാൻ കല്പന-
യായി;-യതെത്തിപ്പു നൃപസുതനും!
അമരാധിപനെതിരരചന്മാർക്കും
സമയം നോക്കണമവിടെച്ചെല്ലാൻ;

ഇയ്യെഴവിന്നെന്തുമില്ലെന്നോ!
നിയ്യെവിടുന്നു വരുന്നൊരു ജന്തു?
ആരെശ്ശകുനം കണ്ടുവഴിയ്ക്കു?-വ-
നാരെന്നാലും ഗുണവാൻതന്നെ.
എണ്ണത്തെട്ടു വയസ്സു കഴിഞ്ഞി-
ക്കുംഭംകൊണ്ടു തികഞ്ഞൊരു കിഴവൻ
ആയിരമമ്പിളിയല്ലതിലപ്പുറ-
മീയിവനിപ്പോഠം കണ്ടുകഴിഞ്ഞു;
അത്യത്ഭുതമാം കാഴ്ചകളിഹ ഞാൻ,
സത്യം പറകിൽ,പ്പലതും കണ്ടേൻ;
ഇന്നെറികെട്ട മൃഗങ്ങളെയിങ്ങിനെ
വന്നെതിരേററൊരു രാജകുമാരൻ
അവനിപസഭയിലെഴുന്നള്ളിച്ചൊരു
വിവരം കേട്ടറിവില്ലിതുവരെയും!
നിന്നുടെ ഭാഗ്യം! മററിവരെന്തിനു
നിന്നു വൃഥാവിൽ വിചാരിക്കുന്നു!"
ഇങ്ങിനെയോരോന്നോതിക്കൊണ്ടാ-
ത്തിങ്ങിടുമാഠംക്കൂട്ടത്തിൽപ്പലരും,
ചത്തകണക്കു കിടക്കും ശപാവുട-
നത്തലൊടെഴുന്നേററങ്ങിനെ മന്ദം
കുത്തിയിഴഞ്ഞു നടക്കെയതിന്മേ-
ലിത്തിരിയുള്ളിലസൂയയുമായി,
അതിനുടെ പിറകെക്കൂടീ; കൌതുക-
മിതിലുംമീതെ ജനങ്ങഠംക്കില്ല.
ഏവം വളരെപ്പരിവാരത്തൊടു-
മാ വയ്യാത്തൊരു ജന്തു പതുക്കെ

ദേവന്മാക്കും കാണാൻ കൊതിയാം
കേവലപുരുഷസദസ്സിലണഞ്ഞാൻ.
മറകളുടെ പൊരുളറിയു-
മനഘമുനിമുഖ്യരും
മററു മാനാഢ്യരാം
മാനവശ്രേഷ്ഠരും
നിരവധികഗുണനികര-
വിളനിലനിലയേഴും
നീതിശാസ്ത്രജ്ഞരാം
മന്ത്രിപ്രവീരരും
നിറയുമതിമഹിതതമ-
മവനിപസഭാസ്ഥലം,
നിശ്രേയസാനന്ദ-
ലക്ഷ്മീനികേതനം;
ഉലകുകളിലിടനിറയു-
മുരുപുകൾ പുലത്തിയോ-
രൂർജ്ജസപ്ലാശയ-
ന്മാരേറെ വാണിടം;
വലമഥനനമരരൊട്ട-
മമിതവിഭവാഢ്യനായ്
വാഴും സുധർമ്മയെ-
ക്കാളും മനോഹരം;
സകലജഗദവനപര-
നമരനുതനീശപ്ലതൻ

സാരസലോചനൻ
വാച്ഛയാൽശ്ശോഭനം;
അതിലവശമണയുമൊരു
ശുനകനെ നയജ്ഞരാ-
മങ്ങെഴന്നോരൊക്കെ
നോക്കി നിശ്ചഞ്ചലം.
ഉടൽ മുഴവനുരുരുധിര-
മൊട്ട നട്ട മുറിഞ്ഞിഴ-
ഞ്ഞു, ള്ളിൽനിന്നോരോ
നെട്ടം ഞരക്കത്തൊട്ടം,
വിവശതയൊട്ടടനടനെ
വിഗതബലമൂഴിയിൽ
വീണുമെണീററും
പത്തുക്കെപ്പുത്തുകവേ,
പെരുത്തു മിഴിജലമൊഴുകു-
മത്തു വളരെ വേദന-
പ്പെട്ടു തൻമോന്തകൊ-
ണ്ടോരോന്നു കാട്ടിയും
പരിചുടയ നൃപതിലക-
സഭയുടെയൊരററത്തു
പാവം പണിപ്പെട്ടു
ചെന്നു വീണീടിനാൻ.
അതുസമയമവനിപതി
മതികനിവൊടെ“ന്തു നി-

ഷ്ലാത്തനായ്ത്തീൻ ചൊ-
ല്ലേ"ന്നു ചോദിയ്ക്കവേ
അവശമത്തു പുനരൊരുയിർ
കയറിയെഴുന്നേററു നി-
ന്നാമ്മാറു മെല്ലെ വാ
ലാട്ടിപ്പറകയായ്:—
"അടിയനിത, തൃപ്പദം
കൂപ്പുന്നു ചേവടി-
പ്പൊടി മമ ശിരസ്സണി-
ഞ്ഞീടുമാറാകണം.
പുതുമയൊടു പൂമകൻ
ഭുവിലുണ്ടാക്കിട്ട-
ന്നിതു പല മൃഗത്തെയും
പാടുള്ളപോലവേ;
അടിയനതിൽവെച്ചലം
താഴെയാ,ണൊക്കുമ-
ള്ളടിമ, തിരുമുമ്പിലെ-
ന്തൊന്നു ചെയ്യേണ്ടു, ഹാ!
അറിയൊരറിവൊക്കയും
വേണ്ടപോലൊത്തെഴും
പെരിയവർ പരുങ്ങുന്നു
നിന്മുമ്പിലെത്തുകിൽ!
മറകളൊരുപോലെ നി-
ന്നിത്ര നാൾ 'നോക്കിയും

മറയൊഴിയെ നിൻപദം
കണ്ടതേ ഇല്ല പോൽ
അത്ര മമ പുരോഭുവി
ശ്രീവത്സന്നോവമൂഠം-
കൗതുകമൊട്ട കാണുവാൻ
സാധിച്ച കാരണം,
ഒരു പിഴയുമെന്നിയേ
നില്ക്കുമിജ്ജന്തുവിൽ-
ക്കരുമനകളീവിധം
കാട്ടിവിട്ടുള്ളവൻ
മമ മഹിതബന്ധുവായ്-
ത്തീൻ: നിന്നമ്പിലോ
വിമതരുടെ ശബ്ദ-
മാഹന്ത, നാരായണ!
അനുചിതമിതെങ്കിലും
ചൊല്ലുന്നു ദുഷ്ടനാം
മനുജനൊരുവൻ കട-
ന്നെന്നെയിമ്മാതിരി
വെറുതെ മുതുകെല്ലിതാ,
തല്ലൊടിച്ചിട്ടു; നി-
ന്തിരുവടിയൊഴിഞ്ഞതാ-
രുണ്ടു ചോദിക്കുവാൻ!
ശിവ, ശിവ! തുലോം പീഡ-
പെട്ടെനിയ്ക്കിങ്ങു നി-

ന്നിവ പറയുവാൻ വയ്യ,
കാരുണ്യവാരിധേ!
അവനൊരു വിളിപ്പാട
ദൂരത്തിനുള്ളില്ല-
ണ്ട,വനിപശിഖാമണേ,
രക്ഷിച്ചുകൊൾക മാം!"
വിനയയുതമീവിധം
ചൊല്ലിയല്ലൽപ്പെട്ടം
ശുനകനഥ വീണ്ടുമേ
മോഹിച്ചു വീണുപോയ്.

"ചിത്രം ചിത്ര" മിതെന്നു സഭാജന-
മത്രയുമൊത്തു പുകഴ്ത്തുംവണ്ണം
ഉത്തമപുരുഷൻ തന്നോടീവിധ-
മുത്തരമുചിതംപോലെയുണർത്തി
പാവങ്ങളിലനുപാവമിതവിടെ-
ച്ചാവതിനെന്ന് പഠിയ്ക്കു പതിയ്ക്കേ,
എല്ലാവർക്കുമതിന്നുടെ മേലൊരു
വല്ലാതുള്ളനുകമ്പ വളന്നു.
"കഷ്ടം താനിച്ചെയ്യോരു കയ്യ്;ദു-
ദൃഷ്ടനെവന്നിതു തോന്നിപ്പോയി!
ഒന്നിനുമാകാത്തിതിനെയുമൊരുവനു
കൊന്നിടുവാൻ കൈ ചെന്നിടുമെന്നോ!
പട്ടിയിതെങ്കിലുമെന്തു വിചക്ഷണ-
മട്ടിലിരിപ്പൂ വാക്കുകളെല്ലാം!

നല്ലറിവുള്ളൊരു ജന്തുവിതിന്നീ-
യല്ലൽ പിണഞ്ഞതു കഷ്ടംതന്നെ!"
മാന്യസദസ്യന്മാരിങ്ങിനെയോ-
രോന്നു വിചാരിയ്ക്കുന്നതിനിടയിൽ,
കരുണാകരനായഖിലേശ്വരനാം
പുരുഷോത്തമനുടെ കല്പനയാലേ,
നാലു ഭടന്മാരാകുലനാരെ-
ന്നാലും കൊണ്ടുവരുന്നതിനായി
ഉടനെയിറങ്ങി നടന്നഥ പൌര-
ക്കിടയിൽച്ചെന്നു വിചാരണചെയ്താർ.
"നേരു പറഞ്ഞീടുവനെന്നാൽത്തക-
രാറുകളേറെ വരാതെ കഴിയ്ക്കാം;
അല്ലെന്നാലൊട്ടുവിവരാലും കഴി-
വില്ലെന്നുള്ളൊരു കള്ളിയിലാവും.
അതു പാർത്തോതുവി, നിന്നൊരു നായിനെ
മുതുകിൽത്തല്ലിയ മുഷ്കരനേവൻ?"
പലരൊടുമിങ്ങിനെ നയമോടും ചില
ഖലരൊടു തട്ടിക്കയറിക്കൊണ്ടും
തെരുവീഥികളിൽ നടന്നന്വേഷി-
ച്ചൊരുവിധ,മിപ്പറയുന്നിടയാലേ,
ധരണീദേവയുവാവാമൊരുവനെ
വിരവൊടു ചെന്നാണ്ടവർ പിടികൂടി:
പിച്ചയെടുത്തുപജീവിയ്ക്കുന്നൊരു
പച്ചപ്പാവം ദ്വിജപുത്രനവൻ
എന്തു പിഴച്ചതു താനെന്നേതുമൊ-

രന്തംകാണാതുഴലുംനേരം,
കല്പനയുണ്ടു നടക്കണമെന്നാ-
യബ്ഭടനവനെക്കൊണ്ടു തിരിച്ചു.
ദൈവം തുണയെന്നോത്തവനവരുടെ
ഭാവംനോക്കി നടക്കുകയായി.
പോരുംപൊഴുതവർതന്നിരുഭാഗവു-
മേറുന്നുണ്ടു പരം പുരുഷാരം.
'പിടിയടി'യെന്നിങ്ങിനെ ഭടർ 'കണ്ണും
പിടിയും' കാട്ടിക്കല്പിയ്ക്കുകിലും
ആളുകൾ വന്നു തടിപ്പൂ, കടലിൽ-
ക്കോളുപിടിച്ചലയേന്തുംവണ്ണം.
എന്തിതിലിത്രയുമത്ഭുതമെന്നായ്-
ച്ചിന്തിയ്ക്കരുതറിവുള്ളവർ നിങ്ങൾ;
ശ്രീരാഘവപുരമാണതു കുററ-
ക്കാരെക്കാണുവതെങ്ങിനെയവിടെ?
നൃപഭടർ വനതിൽനിന്നു പിടിച്ചിതൊ-
രപരാധിയെയെന്നല്ലോ വന്നു!
തൽപുരവാസിജനത്തിനതിൽപ്പര-
മത്ഭുതമെന്തു ഭവിപ്പാനുള്ളൂ!
വന്നവരൊക്കെയു"മെന്തൊരു തെററിവ-
നെ"ന്നബ്ഭടരൊടു ചോദിച്ചിടവേ,
ഏവമുരച്ചാരവർ: "ഇനി നിങ്ങൾ-
ക്കീവക വരുവതു സൂക്ഷിച്ചിടുവിൻ.
നോക്കിനടക്കണം, മത്തുകൂടാതെ
പോക്കിരിവേഷം കെട്ടരുതാരും

032:1M86:15 H4
...VERSITY LIBRA...

ചട്ടികളോടും കൂടിയഹമ്മതി
വിട്ടിടപഴകുവതാണിനിയുചിതം.
കണ്ടാൽക്കാൽകഴുകീടണമീവക
കുണ്ടാമുണ്ടികൾ തലയിൽക്കയറി
ചെക്കിളിന്നായൊടുമേററം ചെയ്യരു-
തൊ,ക്കില്ലിവിടെ പ്രാഭവമൊന്നും.
പെരിയവർതമ്മോടുമെളിയവരോടും
മരിയാദയ്ക്കേ പെരുമാറേണ്ടൂ!
കരുണാകരനാമീശ്വരനവിടെ-
യ്യോരുപോലാണലിവെല്ലാവരിലും!
പട്ടിയുമാഢ്യബ്രാഹ്മണനും ശരി-
മട്ടിൽത്താനവിടുത്തെ മനസ്സിൽ.
ഒരു വെറുമീച്ചയൊടാകിലുമിനിമേൽ-
ക്കരുമന കാട്ടാൻ സൂക്ഷിയ്ക്കേണം.
'ആരിജ്ജന്തുക്കൾക്കുള്ളഴലുകൾ
പാരിന്നധിപതിയോടറിയിപ്പാൻ'
എന്നുനിനച്ചു ഞെളിഞ്ഞീടാ,യ്ക്കവ-
യിന്നു മനുഷ്യരിൽനിന്നു കവിഞ്ഞു.
എന്തു പഠിപ്പുള്ളവരേക്കാളും
ജന്തുക്കൾക്കറിവേറിക്കാണ്മൂ.
കാലംപോയൊരു പോക്കുവിചാരി-
ച്ചാലവസാനം കാണാനില്ല!"
ഈവിധമോരോന്നോതി നടന്നവ-
രാവിർമ്മോദമണഞ്ഞു സഭാന്തേ,
ബ്രാഹ്മണസുതനെത്തിരുമുമ്പാകെ-
ത്താഴ്മയിൽ നിർത്തിത്തൊഴുതുവണങ്ങി.

ആരണയുവാവിനോ-
ടാ രഘുവീരനപ്പോൾ,
"ആരശപാവിനെക്കൊല്ലാ-
നാരംഭിച്ചതു? ചൊല്ക."

എന്നു ചോദിയ്ക്കെപ്പാവ-
ത്തിന്നു വിറച്ചു ദേഹം;
കന്നുകൂടിത്തൊഴുതു
നിന്നുണർത്തിച്ചിതേവം:

"കാരുണ്യനിധേ, ഞാനാ-
ന്നേരുണ്ടായതു ചൊല്ലാം.
ആരും തുണയില്ലാത്തു-
ള്ളോരു ദരിദ്രനീ ഞാൻ;

കർമ്മവശാലെന്നച്ഛ-
നമ്മമാർ ചെറുപ്പത്തി-
ലിമ്മന്നിലെന്നെയിട്ടേ-
ച്ചുമ്മഹാപഥം പൂകി.

കററക്കാശില്ല കയ്യിൽ,
കററസ്ഥലായിട്ടും തീൻറു;
മററത്തവരിലു-
മൂററക്കാരാരുമില്ല.

ചട്ടവും നടന്നിര-
ന്നിട്ടണയുന്നതെന്തോ
പെട്ടപാടതു ഭക്ഷി-
ച്ചിട്ടത്രേ പുലരുന്നു.

ഇന്നു ഞാനതിന്നായി-
പ്പോനേൻ പുലച്ചസ്സെന്നാൽ
കണ്ണും കിടച്ചില്ലുണ്ണി-
യെന്നെതാൻ പറയട്ടേ.
എണ്ണമിന്നലെപ്പോയി-
ല്ലങ്ങുകിടന്നിതി,ന്നും
പൊങ്ങുമോ സാപ്പാടെന്നുൾ-
ത്തിങ്ങും വിഷാദത്തോടേ.
ഉന്നിനടക്കമെൻെറ
മുന്നിൽ വന്നിട്ടീപ്പട്ടി
നിന്നിതിളകാതപ്പോ-
ളൊന്നിവൻ തല്ലിപ്പോയി!
ഏവം പററിപ്പോമെന്നു
കേവലം കരുതീലാ:
ദൈവമെൻകൈകൊണ്ടാണി-
ന്നീവിധം വെച്ചിരിപ്പൂ!
അക്കിക്കോണിനാലെന്നു-
മിക്കിതിതലമെല്ലാം
രക്ഷിച്ചപോരും ഭവാൻ
ശിക്ഷിച്ചുകൊള്ളുകെന്നെ.''
ഈവണ്ണം നേരായുവീ-
ദേവകുമാരൻ ചൊല്ലെ-
പ്പാവത്തിൽദ്ദയതോന്നി-
യേവക്കമൊരുപോലെ.

“പെരികെക്കൊള്ളാം! ഭുവനം കിഴ്മേൽ-
മറിയുകയെങ്കിലിവണ്ണം വേണം.
ഭുവനോത്തരമീ ബ്രാഹ്മണജന്മം
ശിവനേ! നായിൻ കുലമതിനീചം;
അവനിയ്ക്കിയലും രണ്ടതിരുകൾ പോ-
ലിവ തമ്മിൽപ്പെട്ടമന്തരമമിതം.
ഒരു വംശത്തിലെഴുന്നവരെത്താഴ്-
മൊരുപോലിന്നേതര ചന്മാരും;
മറുകുലമാണ്ടവ മർത്ത്യന്മാരുടെ
വെറുമടിമകളാണേവമിരിയ്ക്കേ,
ഒരു നായിനെയൊരു ഭൂസുരപുത്രൻ
കരുണവെടിഞ്ഞു വധിച്ചാൽത്തന്നെ
അതിനെന്താണൊരു ശിക്ഷ? വിശിഷ്ട-
സ്മൃതികളിലില്ലാത്തുള്ളതിതല്ലോ.
അങ്ങിനെയല്ലിനിയുണ്ടെന്നാൽത്താ-
നിങ്ങിവരാരും കേട്ടിട്ടില്ല.
നാരായണനവിടുന്നറിവിൻനെടു-
വേരാണനഘചിദാത്മകനല്ലോ.
തൻമതമെന്തെന്നറിയാമെന്തിനു
നമ്മൾ കിടന്നിഹ പതറീടുന്നു!”
മാന്യസഭാജനമവിടെയിരുന്നോ-
രോന്നിങ്ങിനെയുരചെയ്തിതു തമ്മിൽ.
അന്നേരത്തവനീശ്വരനിങ്ങിനെ-
യൊന്നു മൃദുസ്മിതമാർന്നരുൾചെയ്തു:
“നീതിവിശാരദരെന്നു പരക്കെ
ഖ്യാതി വളർന്ന മഹാന്മാർ നിങ്ങൾ

അതിയായുള്ളവഗാഹം വേദ-
സ്മൃതിശാസ്ത്രങ്ങളിലുള്ളവരല്ലോ.
എന്തിവിടെച്ചെയ്യേണ്ടു? ഭവാന്മാർ
ചിന്തിയ്ക്കുന്നതറിഞ്ഞാൽക്കൊള്ളാം.
നിങ്ങൾ നിനച്ചു കഥിച്ചതിൽ നീതിവി-
ഭംഗം വരുവാൻ വഴിയില്ലല്ലോ.
അപരാധികളെ വൃഥാ വിടുകെന്നാൽ
നൃപനീതിയ്ക്കതു യോജിച്ചിടുമോ?
ആരണപുത്രന്നപരാധത്തിനു
ചേരത്തക്കൊരു ശിക്ഷ വിധിപ്പിൻ."
കേവലപുരുഷൻതന്നുടെ വാക്കുക-
ളേവം കേട്ടു സഭാജനമെല്ലാം
സ്സ്ഫുടമൊന്നിച്ചു വിചാരിച്ചുടനേ
"വിടണം വിപ്രകുമാരനെ"യെന്നാർ.

അവരുടെയാവിധമുള്ളൊരു വിധിയതി-
വിവശതയോടേ കേട്ടൊരുനേരം,
കാലൻ വരുവാൻ കാത്തുകിടക്കും-
പോലഴലാന്നിളകാതെ മയങ്ങി
വീണുകിടന്നൊരു പട്ടി, പതുക്കെ-
ക്കാണുന്നോക്കുകമലിയുംവണ്ണം,
എഴുനേററിങ്ങനെ നിന്നു, നിണംവാ-
ന്നൊഴുകും വാലതിവിവശമിളക്കി,
ഭയവും വ്യസനവുമാന്നൊരു മിഴിയാൽ-
ട്ടയകോലുന്ന നൃപാലനെ നോക്കി,

പറയാനുണ്ടൊന്നെന്നറിയില്ലെ-
പ്പരമാത്മാവാം പൃഥിവീപതിയും
"പറക ഭയം വേണ്ടെ"ന്നരുൾചെയ്യാൻ;
തരസാ ശുനകനുണർത്തുകയായി:—
"അറിയേണ്ടുന്നവ മുഴുവൻ വഴിപോ-
ലറിയും മാന്യർ നിറഞ്ഞ സദസ്സിൽ
അരുതാതുള്ളതു ചൊല്ലീടിലുമൊരു
തിരുവുള്ളക്കേടണയരുതെന്നിൽ.
അടിയനുള്ളഴലെന്നും നിന്തിരു-
വടിയൊടുണർത്തുകയേ ഗതിയുള്ളൂ.
കരുണാകരനാമവിടെയ്ക്കെന്നിൽ-
ത്തിരുവുള്ളം ചെറുതുണ്ടെന്നാകിൽ.
ദേവസ്വത്തിൻ ഭരണം പൃഥിവീ-
ദേവകുമാരനേല്പിക്കേണം!"
അന്നായിൻ മൊഴി കേൾക്കെ നൃപാലൻ
"നന്നു, നിനക്കായ്ചെയ്തിതതെ"ന്നാൻ.
പിന്നെപ്പറയുവതെന്താ നിസ്വനെ
യന്നെതിരേറ്റു പുണർന്നിതു ലക്ഷ്മി!
ഒരുനാഴികമുമ്പൂണിനു വേണ്ടി-
യത്തെരുവീഥികളിലലഞ്ഞ മനുഷ്യൻ
ഒന്നാന്തരമൊരു വൈശ്രവണൻ താ-
നെന്നാ, യത്ഭുതമെന്തിതിലേറെ!
ചുറ്റിയ മുണ്ടിന്നിണയില്ലാതേ
ചുറ്റിയ സാധുബ്രാഹ്മണപുത്രൻ
ആഭരണങ്ങളിലാകവെ മുഴുകി

പ്രാഭവമുള്ളനുയായികളോടും
അനഘളഭ്യതിയോടു വിലസും നല്ലൊരു
കനകപ്പല്ലക്കാണ്ടെഴുന്നള്ളി.
മറിമായങ്ങളിതൊക്കയുമെന്തെ-
ന്നറിയാഞ്ഞാളുകൾ നിന്നു മിഴിച്ചു!
"മന്നാന്തരമിശ്ശിക്ഷ! നമുക്കിതി-
നെന്നായാലും യോഗം വരുമോ?
പട്ടിയെയൊന്നു പൊതുക്കുകിലീവക
കിട്ടിടുമെന്നാൽ നല്ലൊരു കാര്യം!
പിച്ചയ്ക്കുഴറി നടന്നൊരു ഭൂസുര-
നൊച്ചപ്പെട്ടൊരു മാതിരി നോക്കു!
നാട്ടിൽപ്പെരിയവനാവാനീ വഴി
കേട്ടിട്ടില്ല മനുഷ്യരിലാരും.
തല ചായ്പാനൊരു ചാളയുമില്ലാ-
ഞ്ഞലയും നിലപോയരനാഴികയാൽ
മണിമാളികമേലേറിയൊരിവനുടെ
കണിയിന്നെന്തെന്നറിഞ്ഞാൽക്കൊള്ളാം.
പുരുഷനു ഭാഗ്യം വന്നുകരേറു-
ന്നൊരു വഴിയേതെന്നാർക്കറിയാവൂ!
എന്നാലതിലും ചിത്രം, ശിക്ഷയി-
തെന്നാണല്ലോ കേൾക്കുവതിവിടെ!
ഇങ്ങിനെയായാലപരാധികളാൽ-
ത്തിങ്ങിനിറഞ്ഞിടുമല്ലോ ഭുവനം.
നീതിവിശാരദനവിടുന്നെന്തി-
ജ്ജാതിയിലിന്നൊരു ശിക്ഷ വിധിപ്പാൻ?

അറിയണമെന്തോ ചിലതിതിലുൾക്കൻ
മറിമായങ്ങൾ മറഞ്ഞു കിടപ്പൂ!”
ഇങ്ങിനെയോരോന്നോതിജ്ജനമിട-
തിങ്ങി നൃപാലസദസ്സിൻ പുറവും.

അതുസമയമങ്ങെഴ-
ന്നാളുകൾക്കൊക്കെയു-
ള്ളതുലമതിസംഭ്രമം
കണ്ടു കഞ്ജേക്ഷണൻ
വിനയമൊടുകൂടി വ-
ന്ദിച്ചു നിന്നീടുമ-
ശ്ശൂനകനോടു ചോദിച്ചു
മന്ദസ്മിതാഞ്ചിതം.
“അരിയ വരമല്ലയോ
നിയ്യവനേകിയി-
പ്പെരിയ നില ശിക്ഷയായ്-
ക്കല്പിച്ചതെന്തുവാൻ?
പറയുകറിവാം വിധം”—
[illegible] കേട്ടപ്പൊഴു-
[illegible]മജ്ജന്തു
[illegible]ച്ചിനാനിങ്ങിനെ:
“ശിവ, ശിവ, ചിദാത്മകൻ
തമ്പുരാൻ ചിട്ടിയാ-
മിവനൊടിതു ചോദിച്ച-
താണൊരത്ഭുതം!

MUL
177606

നിരുപമപരബ്രഹ്മ-
രൂപിയാകുന്ന നി-
ന്തിരുവടി നിനപ്പത-
ല്ലാതെന്തു ഭൂമിയിൽ?
അവനിസുരനന്ദന-
ന്നെന്തിതിന്നീതെയായ്-
ഭുവനപതിയാം ഭവാൻ
ശിക്ഷ നല്കേണ്ടു, ഹാ!
അടിയനു കഴിഞ്ഞ ജ-
ന്മത്തിലിജ്ജാലിയാൽ-
കൊടിയൊരഴലിത്രയും
വന്നുകൂടീലയോ?
കരുതലൊടിരുന്നു ഞാ-
നെന്നിട്ടുമീവിധം
പെരുകി മമ ദുഃഖമി-
ജ്ജന്മത്തിൽ; ആകയാൽ
ക്ഷമ കുറയുമിക്ഷമാ-
ദേവപുത്രന്നിനി-
ക്കമലഭവനെന്തു
സങ്കടം ചേർത്തിടാ!
വിമതരെ വലയ്ക്കുവാൻ
ദേവസ്വരക്ഷതൻ
ചുമതല കൊടുക്കുകിൽ-
പ്പോരും, പരന്തപ!

സ്സുടമിതുകളൊക്കയു-
  മങ്ങറിഞ്ഞുള്ളതേ;
വിട തരിക തൃപ്പദം
  ക്കുപ്പുന്നെനിയ്ക്കിനി.
അല,മടിയനാവതി-
  ല്ലേതും; ഭവൽകൃപാ-
ബലമിതുവരെയ്ക്കുന്നെ
  നിത്തി,യിന്നിച്ഛവാൻ
പരമകരുണാനിധേ,
  പാഹി! വേഗത്തില-
ച്ചരണനളി[illegible]-
  ച്ചേക്ക്, നാരായണ!"
ഇതു സപദി ചൊല്ലി വീ-
  ണപ്പുണ്യജന്തു പേ-
ത്തുലസുഖദായകം
  ചിൽപ്പദം ചേരവേ,
അവിടെയെഴമേവരും
  ശ്രീരാമചന്ദ്രനെ
വിവിധമുരുഭക്തിയാൽ-
  ക്കുപ്പിപ്പുകഴ്ത്തിനാർ.
തനതു മറ നിർവ്വഹി-
  ച്ചേവം, സദസ്സുത-
ന്നനുമതിയെ വാങ്ങിവി-
  ശൈചകസമ്പൂജിതൻ,

നിരഘസഭ വിട്ടെഴു-
ന്നള്ളിനാൻ, മാമുനീ-
ശ്വരരുടെ ശുഭാശിസ്സു
പിൻചെന്ന രാഘവൻ.

ക്ഷമയുടെ മണാളനാ
ശ്രീരാമനേകിടും
ക്ഷമയൊടിതു കേട്ടനി-
ങ്ങൾക്കമേ മങ്ഗളം.

സമാപ്തം.

032:1M86:15
H4
UNIVERSITY LIBRARY MADRAS
MUL
177606

- 8 JAN 1958